നിരന്തര കുറ്റവാളിയെ കാപ്പ ചുമത്തി ജയിലിലടച്ചു. കുഴുപ്പിള്ളി, അയ്യമ്പിള്ളി, തറവട്ടം, ചൂളക്കപ്പറമ്പിൽ വീട്, നാംദേവ് (21) നെയാണ് കാപ്പ ചുമത്തി ജയിലിലടച്ചത്. ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി. മുനമ്പം, എറണാകുളം ടൗൺ നോർത്ത് എന്നീ സ്റ്റേഷനുകളിലായി അഞ്ച് ക്രൈം കേസ്സുകളിലെ പ്രതിയാണ്. കൂടാതെ മുനമ്പം പോലീസ് സ്റ്റേഷനിലെ റൗഡി ലിസ്റ്റിൽ ഉൾപ്പെട്ടയാളുമാണ്.